**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1768** — **31-08-2022 - ൽ മറുപടിയ്ക്ക്**

**കിടപ്പ് രോഗികളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ആശ്വാസ പദ്ധതിപ്രകാരം കിടപ്പ് രോഗികളെ സംരക്ഷിക്കുന്നവർക്ക് 600/- രൂപ വീതം ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കിടപ്പ് രോഗികളെ ഉൾപ്പെടെ പരിചരിക്കുന്നവർക്ക് അനുവദിക്കുന്ന പ്രതിമാസ ധനസഹായമായ ആശ്വാസകിരണം പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ബഡ്ജറ്റ് വിഹിതമായി ലഭിച്ച 40 കോടി രൂപ ചെലവഴിച്ച് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയും ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>20.08.2022- ലെ സ.ഉ.(സാധാ)നം. 198/2022/എസ്.ജെ.ഡി ഉത്തരവ് പ്രകാരം ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ സാമ്പത്തിക വർഷം (2022-23) ബഡ്ജറ്റ് വിഹിതമായി 42,50,00,000/- രൂപ (42 കോടി അൻപത് ലക്ഷം രൂപ മാത്രം) യുടെ ഭരണാനുമതി നൽകികൊണ്ടും, ആദ്യ ഗഡുവായ 10 കോടി രൂപ (പത്ത് കോടി രൂപ മാത്രം) റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകികൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ഇനിയും സഹായം ലഭിക്കാനുണ്ട്; ഇവർക്ക് എന്ന് സഹായം ലഭ്യമാകുമെന്നും വ്യക്തമാക്കാമോ? | (ബി) | **നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. അതിനാൽ ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നു മാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്.** |

സെക്ഷൻ ഓഫീസർ